**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 824** **09-10-2024 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കുന്നതിന് മുമ്പ് സ്കൂളുകളിൽ നിന്നും കൊഴിഞ്ഞുപോകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | പൊതു വിദ്യാഭ്യാസ വകുപ്പിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ പ്രകാരം പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾ പഠനം പൂർത്തിയാക്കുന്നതിന് മുമ്പ് സ്കൂളുകളിൽ നിന്ന് കൊഴിഞ്ഞ് പോകുന്നതായി കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ഇത്തരം കുട്ടികളെ തിരികെ സ്കൂളുകളിൽ എത്തിക്കുന്നതിനും അവരുടെ തുടർ വിദ്യാഭ്യാസത്തിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ; | (ബി) | കൊഴിഞ്ഞു പോകുന്ന വിദ്യാർത്ഥികളെ തിരികെ സ്കൂളിലേക്ക് കൊണ്ടു വരുന്നതിനും ഇവർക്ക് പ്രത്യേക പരിഗണന നൽകുന്നതിനും പട്ടികവർഗ്ഗ വികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ പൊതുവിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് തുടങ്ങിയവയുടെ സഹകരണത്തോടുകൂടി പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഫലമായി കൊഴിഞ്ഞ്പോക്ക് ഒരു പരിധിവരെ കുറച്ച് കൊണ്ടു വരാൻ സാധിച്ചിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, പഠനമുറി ഫെസിലിറ്റേറ്റർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കർമാർ എന്നിവരുടെ നിരന്തരമായ ഇടപെടലും നടത്തി വരുന്നുണ്ട്.<br><br>പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞ് പോക്ക് പരിഹരിക്കുന്നതിന് പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു;<br><br>**സാമൂഹ്യപഠനമുറി**<br><br>പട്ടികവർഗ്ഗ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നത് ലക്ഷ്യം വച്ച് സ്കൂളുകളിൽ നിന്നും നഗറുകളിൽ തിരികെയെത്തുന്ന കുട്ടികൾക്ക് ഇന്റർനെറ്റ് സൗകര്യങ്ങളോടുകൂടിയുള്ള പഠന സൗകര്യവും, ലഘുഭക്ഷണവും ഒരുക്കുന്ന പദ്ധതി.<br><br>**ഗോത്രബന്ധു** |

വിദ്യാർത്ഥികളുടെ ഭാഷാപ്രശ്നങ്ങൾ മൂലമുള്ള കൊഴിഞ്ഞുപോക്ക് തടയുക, ഭാഷാപ്രശ്നം പരിഹരിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി സർക്കാർ/എയ്ഡഡ് പ്രൈമറി സ്കൂളുകളിൽ മെന്റർ ടീച്ചർമാരെ നിയമിക്കുന്ന പദ്ധതി. വയനാട്, പാലക്കാട്, മലപ്പുറം എന്നീ ജില്ലകളിൽ 326 മെന്റർ ടീച്ചർമാരെ നിയമിച്ചിട്ടുണ്ട്. ടി മെന്റർ ടീച്ചർമാർ കുട്ടികളുടെ തനത് ഗോത്രഭാഷയിൽ പാഠ്യഭാഗങ്ങൾ വിവരിച്ചു നൽകുന്നു.

കൂടാതെ സ്കൂളിൽ വരാതിരിക്കുന്ന കുട്ടികൾ ഉണ്ടെങ്കിൽ അവരുടെ വീട്ടിലെത്തി സ്കൂളിൽ എത്തിക്കുന്നതിന് നടപടി സ്വീകരിക്കുന്നു

**വിദ്യാവാഹിനി**

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വാസസ്ഥലത്ത് നിന്നും സ്കൂളുകളിൽ പോയി വരാൻ യാത്രാ സൗകര്യമൊരുക്കി നൽകുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ച ഗോത്രസാരഥി പദ്ധതി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുകയും, ഗോത്രസാരഥി പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി വിദ്യാവാഹിനി എന്ന് പുനർനാമകരണം ചെയ്ത് 2023-24 മുതൽ പട്ടികവർഗ്ഗ വകുപ്പ് നടപ്പിലാക്കി വരുന്നു.

**രക്ഷിതാക്കൾക്കുള്ള പ്രോത്സാഹനധനസഹായം**

പ്രൈമറി ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ മുടങ്ങാതെ സ്കൂളിൽ അയക്കുന്നതിന് ഓരോ അദ്ധ്യയന വർഷവും 75% ഹാജർ ഉള്ള വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്ക് പ്രതിവർഷം 500 രൂപ പ്രോത്സാഹന ധനസഹായം നൽകുന്നു.

**സ്കോളർഷിപ്പുകൾ/ഗ്രാന്റുകൾ**

എസ്.എസ്.എൽ.സി വരെയുള്ള ക്ലാസുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷം ആരംഭിക്കുമ്പോൾ ഉണ്ടാകുന്ന ചെലവുകൾക്കായുള്ള ലംപ്സംഗ്രാന്റും പ്രതിമാസം സ്റ്റൈപന്റും നൽകി വരുന്നു.

**9,10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രത്യേക കേന്ദ്ര സഹായ സ്കോളർഷിപ്പ്**

കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രീമെട്രിക് തലത്തിൽ 9,10 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പ്രതിവർഷം 2250/- രൂപ സ്കോളർഷിപ്പ് ഇനത്തിലും 750/-രൂപ

| | | | |
|---|---|---|---|
| | | | ബുക്ക് തുടങ്ങിയ പഠന സാമഗ്രികൾ വാങ്ങുന്നതിന് ഗ്രാന്റിനത്തിലും നൽകുന്നു. ഹോസ്റ്റലിൽ താമസിച്ച പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യഥാക്രമം 5250/- രൂപയും 1000/- രൂപയും നൽകുന്നു.<br><br>**<u>സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം</u>**<br><br>അക്കാഡമിക്, കലാ, കായിക മത്സരങ്ങളിൽ ഉന്നത വിജയം നേടുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം നൽകുന്ന പദ്ധതിയാണിത്.<br><br>**<u>അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് & ഡെവലപ്പ്മെന്റ് :-</u>**<br><br>സമർത്ഥരായ പട്ടികവർഗ്ഗ വിദ്യാർത്ഥികളെ ഒരു മത്സര പരീക്ഷയിലൂടെ കണ്ടെത്തി അവരുടെ അഞ്ചാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെയുള്ള തുടർ പഠനത്തിനായി സ്കോളർഷിപ്പ് നൽകുന്ന പദ്ധതി. |
| (സി) | ആദിവാസി മേഖലയിലെ വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം ഒരുക്കുന്നതിനും പ്രഭാത ഭക്ഷണം നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (സി) | പട്ടികവർഗ്ഗ മേഖലയിലെ കുട്ടികളുടെ പഠനവുമായി ബന്ധപ്പെട്ട യാത്രാ സൗകര്യങ്ങൾ ഒരുക്കുന്നതിനായി 2013-14 അദ്ധ്യയന വർഷം മുതൽ പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന സംസ്ഥാനത്തെ വിദൂരവും ദുർഘടവുമായ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നിന്നും വിദ്യാർത്ഥികളെ സ്കൂളിലെത്തിച്ച് തിരികെ വീട്ടിലെത്തിക്കുന്നതിനായി ആവിഷ്കരിച്ച ഗോത്രസാരഥി പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുകയും, ഗോത്രസാരഥി പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തി വിദ്യാവാഹിനി എന്ന് പുനർ നാമകരണം ചെയ്ത് 2023-24 മുതൽ നടപ്പിലാക്കി വരുന്നു.<br><br>പട്ടികവർഗ്ഗ മേഖലയിലെ വിദ്യാർത്ഥികൾക്ക് പ്രഭാത ഭക്ഷണം ഒരുക്കുന്നതിനായി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്ന് പ്രത്യേക പദ്ധതികൾ ഒന്നും തന്നെ നടപ്പിലാക്കുന്നില്ല. എന്നാൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ മുഖേന ചില സ്കൂളുകളിൽ പ്രഭാത ഭക്ഷണം ഒരുക്കുന്നുണ്ട്. |
| (ഡി) | ആദിവാസി വിദ്യാർത്ഥികളുടെ പഠന നിലവാരം അവലോകനം ചെയ്യുന്നതിനും കുട്ടികളുടെ പങ്കാളിത്തം സ്കൂളുകളിൽ ഉറപ്പാക്കുന്നതിനും ആവിഷ്കരിക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ഡി) | പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന നിലവാരം അവലോകനം ചെയ്യുന്നതിനും കുട്ടികളുടെ പങ്കാളിത്തം സ്കൂളുകളിൽ ഉറപ്പാക്കുന്നതിനും, സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും, വിദ്യാഭ്യാസത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി പൊതു വിദ്യാഭ്യാസ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, സംസ്ഥാന ആസൂത്രണ |

| | | | |
|---|---|---|---|
| | | | ബോർഡ് എന്നിവയുടെ സഹകരണത്തോടുകൂടി ആക്ഷൻ പ്ലാൻ തയ്യാറാക്കി നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള ഘടകങ്ങൾ ചുവടെ ചേർക്കുന്നു;<br><br>1.പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ സാർവത്രിക എൻറോൾമെന്റും അവരെ തുടർച്ചയായി സ്കൂളിൽ നിലനിർത്തുന്നതും ഉറപ്പാക്കുക.<br><br>2.പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിജയശതമാനം വർദ്ധിപ്പിക്കുക<br><br>3.പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഗ്രേഡുകളും, വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരവും മെച്ചപ്പെടുത്തുക. |

സെക്ഷൻ ഓഫീസർ